## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 601

02.12.2014-ൽ മറുപടിക്ക്

### ഭവന നിർമ്മാണ വായ്പ എഴുതി തള്ളാൻ സ്വീകരിച്ച നടപടികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. അജിത്: | | ശ്രീ. കെ. എം. മാണി (ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭവന നിർമ്മാണ ബോർഡു വഴി വായ്പയെടുത്ത എത്രപേരുടെ എത്ര രൂപ വരെയുള്ള വായ്പകളാണ് എഴുതി തള്ളിയതെന്ന് വ്യക്തമാക്കുമോ; | (എ) | 38384 മൈത്രി ഗുണഭോക്താക്കളുടെ 28,000/- രൂപയുടെ വായ്പയും, രോഗികളും അശരണരുമായവരുടെ വ്യക്തിഗത വായ്പാ ഇനത്തിൽ 38 പേരുടെ 3 ലക്ഷം രൂപവരെയുള്ള വായ്പാ കുടിശ്ശിക തുകയും എഴുതിത്തള്ളുകയുണ്ടായി. |
| (ബി) | ഏതു വർഷം വരെയുള്ള വായ്പകളാണ് സർക്കാർ എഴുതി തള്ളിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ; | (ബി) | മൈത്രി വിഭാഗത്തിൽ 2006 വരെയുള്ള വായ്പയും, രോഗികളും അശരണരുമായ വ്യക്തിഗത വായ്പാ ഇനത്തിൽ 2000 വർഷം വരെയുള്ളതുമായ വായ്പകൾ എഴുതിത്തള്ളിയിട്ടുണ്ട്. |
| (സി) | ഭവന നിർമ്മാണ ബോർഡു വഴി വായ്പയെടുത്ത ദുർബല വിഭാഗത്തിൽപ്പെട്ടവരുടെ വായ്പകൾ എഴുതി തള്ളാൻ സർക്കാർ തയ്യാറാവുമോ എന്നും വ്യക്തമാക്കുമോ? | (സി) | 20.05.2009 -ലെ സ. ഉ. (എം.എസ്) നം. 21/2009/ഭവനം എന്ന ഉത്തരവിലൂടെ 1977 മുതൽ 1996 വരെ നടപ്പിലാക്കിയ ദുർബല വിഭാഗത്തിൽപ്പെട്ട 15 ഭവന വായ്പാ പദ്ധതികളിലെ മുഴുവൻ ഗുണഭോക്താക്കളുടെയും വായ്പാ ബാദ്ധ്യത സർക്കാർ എഴുതിത്തള്ളുകയുണ്ടായി. ദുർബല വിഭാഗങ്ങൾക്കായി നടപ്പിലാക്കിയ മൈത്രി ഭവന പദ്ധതി പ്രകാരം ഭാഗീകമായി മാത്രം വായ്പാ ഗഡുക്കൾ കൈപ്പറ്റിയിട്ടുള്ള ഗുണഭോക്താക്കളുടെ വായ്പാ കുടിശിക എഴുതിത്തള്ളുന്ന കാര്യം പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ